# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4329  25.06.2019 ൽ മറുപടിക്ക്**

**പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) മുൻ കാലങ്ങളിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ചെയ്യുന്നതിന് കരാറിലേർപ്പെടുകയും ജോലികൾ യഥാസമയം പൂർത്തിയാക്കാതെ ഉപേക്ഷിച്ചു പോയിട്ടുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കേന്ദ്ര ഫണ്ട് മുഖേന ലഭിച്ച NH 66 (17) Construction of 16 km two lane road from Kuttippuram to Puduponnani Phase I & II from km 319/370 to 323/200 and 323/200 to 334/745 എന്ന പ്രവൃത്തി 27.02.2004 ൽ M/s ചന്ദ്രഗിരി കൺസ്ട്രക്ഷൻസ് എന്ന കമ്പനിയുമായി കരാർ ഒപ്പ് വച്ച് ആരംഭിച്ചു. എന്നാൽ നാല് വർഷങ്ങൾ കഴിഞ്ഞിട്ടും 64% മാത്രമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞത്. പ്രസ്തുത പ്രവൃത്തി ആർബിട്രേഷനിലേക്ക് പോകുകയും റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ആവശ്യകത കണക്കിലെടുത്ത് 13.09.2012 ൽ ഭരണാനുമതി നൽകുകയും ടെണ്ടറിലൂടെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുകയും ചെയ്തു. അവർ ടി പ്രവൃത്തി 31.03.2015 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ഈ റീച്ച് റോഡ്സ് ഡിവിഷൻ, മലപ്പുറത്തിന് കൈമാറിയിട്ടുള്ളതാണ്. കേസ് ഇപ്പോഴും കോടതിയിൽ നിലവിലുണ്ട്.

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിൽ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം കരാറുകാരായ M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉപേക്ഷിച്ച് പോയി. എന്നാൽ പ്രസ്തുത കരാറുകാരനെ

നഷ്ടോത്തരവാദിത്വത്തോടെ കരാറിൽ നിന്ന് വിടുതൽ ചെയ്യുകയും, ടി പ്രവൃത്തി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ ആറിനു കുറുകെയുള്ള പുലിക്കുട്ടിശ്ശേരി പാലം ശ്രീ. എ. പി. രാജപ്പൻ, ഹോപ്പ് കൺസ്ട്രക്ഷൻസ്, അനിക്കശ്ശേരി, കൊലഞ്ചേരി. പി. ഒ, എറണാകുളം എന്ന കോൺട്രാക്ടർ ഉപേക്ഷിച്ചതിനാൽ പ്രസ്തുത കരാറുകാരനെ വിടുതൽ ചെയ്യുകയും നഷ്ടോത്തരവാദിത്തത്തോടെ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്ത് മെസ്സേഴ്സ് പാലത്തറ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കരാർ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് കനാൽ ജെട്ടിപ്പാലത്തിന്റെ നിർമ്മാണ കരാർ എടുത്ത ശ്രീ. എ.പി. രാജപ്പൻ, ഹോപ്പ് കൺസ്ട്രക്ഷൻസ്, അനിക്കശ്ശേരി, കൊലഞ്ചേരി. പി.ഒ, എറണാകുളം പ്രവൃത്തി പൂർത്തിയാകാതെ ഉപേക്ഷിച്ചു. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയും തുടർന്ന് ബാക്കി ജോലികൾ റീ ടെണ്ടർ ചെയ്ത് പുതിയ കരാറുകാരനായ ശ്രീ. പി.സി ചെറിയാൻ, എടത്തിൽ പുത്തൻ പറമ്പിൽ, എടത്വ. പി.ഒ. പൂർത്തീകരിക്കുകയും ചെയ്തു.

കെ.എസ്. ടി. പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട തിരുവല്ല ബൈപ്പാസ് (2.3 കി.മീ) സ്ഥലം പൂർണ്ണമായും ലഭ്യമല്ലാത്തത് കാരണം M/s. EKK & Co., Perumbavoor എന്ന കമ്പനിക്ക് പണി പൂർത്തിയാക്കാൻ സാധിച്ചില്ല. തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾക്കായി റീടെണ്ടർ നടത്തുകയും, M/s. GHV (India) Pvt Ltd എന്ന കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കി വരുകയും ചെയ്യുന്നു.

നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിലെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| ബി) ഇത്തരം ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; | ബി) ഇത്തരത്തിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുകയും ശേഷിക്കുന്ന പ്രവൃത്തികളുടെ ഷെഡ്യൂൾ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനായി വീണ്ടും ദർഘാസുകൾ ക്ഷണിച്ച് മറ്റൊരു കരാറുകാരനെ ഏർപ്പെടുത്തുന്നതുമാണ്. കരാറുകാരന്റെ പിഴവു കൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ |

സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കും വിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തി വച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk & Cost- ൽ terminate ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു.

| | |
|---|---|
| സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത ഇത്തരം പ്രവൃത്തികൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത ഇത്തരം പ്രവൃത്തികൾ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നിരത്തുവിഭാഗം

| ജില്ല | പ്രവൃത്തിയുടെ പേര് |
|---|---|
| തിരുവനന്തപുരം | ചേമ്പ്ര പനയറമൂല റോഡിന്റെ പുനർ നിർമ്മാണം |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | താന്നിക്കുഴി-തോന്നിയമല റോഡിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം<br>കുമ്പഴ-പ്ലാവേലി റോഡ് ചെ. 1/300 മുതൽ 1/500 വരെയുള്ള സംരക്ഷണഭിത്തിയുടെ നിർമ്മാണം. |
| ആലപ്പുഴ | തുറവൂർ കുമ്പളങ്ങി റോഡിന്റെ പുനർ നിർമ്മാണം |
| കോട്ടയം | 1. - മൂന്നിലവ്-കടപ്പുഴ-മേച്ചാൽ-ചക്കികാവ് റോഡ് പുനരുദ്ധാരണം<br>2. പായിപ്പാട്-മാമ്മൂട് റോഡ്-കലുങ്ക് പുനരുദ്ധാരണം<br>3. ചെമ്പ് പാലാംകടവ് റോഡ്- കലുങ്കുകളുടെ പുനരുദ്ധാരണം<br>4. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം-എഫ്.ഡി.അട്ടാറപ്പാലം, തോട്ടകം ചർച്ച്, എ.കെ.ജി. റോഡ്- 0/000-0/510. |
| ഇടുക്കി | ബഡ്ജറ്റ് വർക്ക് 2009-10-ഉപ്പുതറ-കോട്ടമല-വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി |
| പാലക്കാട് | (1) സ്റ്റിമുലസ് പാക്കേജ്- ഫേസ്-1 മുടപ്പല്ലൂർ- മംഗലംഡാംറോഡിലെ ക്യാരേജ് വേയുടെ പുനരുദ്ധാരണം<br>(2) SCSTOD-Construction of Varagampadi-Moolagangal road km 0/000-10/300 (Ist reach-0/000-5/985) |

കെട്ടിട നിർമ്മാണം

| എ | ബി |
|---|---|
| 1. സെന്റർ പ്രിസൺ പൂജപ്പുര, തിരുവനന്തപുരം. Construction of new building for prayer yoga hall. | 1. കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനുള്ള നട പടി സ്വീകരിച്ചു വരുന്നു. |
| 2. Higher Education Department- Annual plan 2012-13 utilization of plan-funds for college Infrastructure and upgradation programme (CIUP) under one time ACA- Govt College, Nedumangad - construction of Hostel building for girls. | 2. കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമി നേറ്റ് ചെയ്യുന്നതിനായി അന്തിമ നോട്ടീസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ട്. |
| 3. Construction of new Higher Secondary Block at G.H.S.S, Parassala | 3 & 4 പ്രസ്തുത പ്രവർത്തികൾ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി റീ- ടെണ്ടർ ചെയ്യു കയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു. |
| 4. Constuction of new building for Govt. High School for girls at Dhanuvachapuram. | |
| 5.കൊടുവഴന്നൂർ വില്ലേജ് ആഫീസിന്റെ നിർമ്മാണം. | 5. പുതിയ എഗ്രിമെന്റ് വയ്ക്കുന്നതിന് എതിരെ നിലവിലെ കരാറുകാരൻ ബഹു. പ്രിൻസിപ്പൽ സബ് കോർട്ട്-ൽ ഒ.എസ് 2038/2018 യായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. വിധി വന്നിട്ടില്ല. |
| 6. തിരുവനന്തപുരം ലീഗൽ മെട്രോളജി വകുപ്പിന്റെ പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം | 6. ടി പ്രവർത്തി പൊതുമരാമത്ത് വകുപ്പ് വൈദ്യുത വിഭാഗം ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ കാര്യാലയത്തിൽ ടെണ്ടർ ചെയ്യുകയും കരാറുകാരൻ ശ്രീ. രാജൻ എം. മേനോൻ, സേഫ് ലൈൻ ഇലക്ട്രിക്കൽ എഞ്ചിനിയേഴ്സ് കേരള, പാലക്കാട്, പ്രവർത്തി എഗ്രിമെന്റ് വച്ച് ചെയ്തുവന്നു എങ്കിലും [illegible] 03 2018 മുതൽ പ്രവർത്തി നിർത്തിവച്ചിരിക്കുന്നതിനാൽ ടി കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പ്രവർത്തി അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ അറേഞ്ച് ചെയ്തു. |
| 7. കുണ്ടറ റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തി ഭാഗികമായി പൂർത്തിയാക്കിയതിന് ശേഷം കരാറുകാരൻ ഉപേക്ഷിച്ചു. | 7. ടി പ്രവർത്തി തുടർ നിർവ്വഹണം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നു. |
| 8. Construction of new block for District PSC | 8. ടി പ്രവർത്തിയുടെ കരാറുകാരന്റെ ഒഴിവാക്കി |

| | |
|---|---|
| Office Kottayam. | പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. |
| 9. Construction of new building for Taluk Hospital, Changanacherry. | 9. സർക്കാർ ഉത്തരവ് പ്രകാരം നിലവിലുളള കരാറുകാരൻ പ്രവർത്തി പുനരാരംഭിച്ച് പൂർത്തീകരണ ഘട്ടത്തിലാണ്. |
| 10. Construction of Trainees Hostel in ITI Pallickathodu. | 10. ഡെപ്പോസിറ്റ് തുക അപര്യാപ്തമായതിനാൽ തുടർ പ്രവർത്തി ചെയ്തിട്ടില്ല. ആയത് ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിട്ടുളളതാണ്. ഡെപ്പോസിറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തി പുനരാരംഭിക്കുന്നതാണ്. |
| 11. Construction of building for Arunapuram Rest House. | 11. ടി പ്രവർത്തിയുടെ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഒഴിവാക്കി പുതിയ കരാറുകാരെക്കൊണ്ട് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 12. പെരിങ്ങാശ്ശേരി ഗവ. ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ | 12. പുനർടെണ്ടർ നടത്തി പ്രവർത്തികൾ നടന്നുവരുന്നു. |
| 13. ലോവർ സബോർഡിനേറ്റ് ക്വോർട്ടേഴ്സ് ഫോർ ഡിസ്ട്രിക്ട് ജയിൽ മുട്ടം തൊടുപുഴ | 13. പുനർടെണ്ടർ നടത്തി പ്രവർത്തികൾ നടന്നുവരുന്നു. |
| 14. നികുതി വകുപ്പ് ഓഫീസ് നിർമ്മാണം തങ്കമണി ഇടുക്കി | 14. പുനർടെണ്ടർ നടത്തി പ്രവർത്തികൾ നടന്നുവരുന്നു. |
| 15. സി എച്ച് സി രാമമംഗലം, മൂവാറ്റുപുഴ | 15. കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിച്ചു |
| 16. കോർട്ട് കോംപ്ലക്സ് കോതമംഗലം ബാക്കി പ്രവൃത്തികൾ | 16. കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിച്ചു |
| 17. രജിസ്ട്രേഷൻ കോംപ്ലക്സ്, തൃശ്ശൂർ | 17. ടി പ്രവൃത്തി റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 18. മേപ്പാടി പോളി ടെക്നിക് നിർമ്മാണം. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുക്കുകയും യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ ഒഴിവാക്കിയിട്ടുണ്ട്. വർക്ക് പിന്നീട് ദർഘാസ് ക്ഷണിച്ചു പൂർത്തീകരിച്ചു. | 18. യഥാസമയം പ്രവർത്തി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകാറുണ്ട്. വീഴ്ച വരുത്തിയതിനാൽ റിസ്ക് & കോസ്റ്റിൽ കരാറുകാരനെ പ്രവർത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ